പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.313 | 23.01.2018 ൽ മറുപടിക്ക്

## ക്യാൻസർ രോഗബാധിതർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| സംസ്ഥാനത്തെ ക്യാൻസർ രോഗബാധിതർക്ക് പെൻഷൻ ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്, മാനന്തവാടിക്കടുത്ത് നല്ലൂർനാട് പ്രവർത്തിക്കുന്ന ജില്ലാ ക്യാൻസർ സെന്ററിലെ മെഡിക്കൽ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.2636/2017/ആ.കു.വ തീയതി 26.09.2017 പ്രകാരം ക്യാൻസർ രോഗികൾക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട ഫോറം നം.10 (മെഡിക്കൽ സർട്ടിഫിക്കറ്റ്) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾക്കു പുറമേ ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് & പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കു കൂടി നൽകി ഉത്തരവായിട്ടുണ്ട്. വയനാട് ജില്ലയിലെ ജില്ലാ ക്യൂറേറ്റീവ് & പാലിയേറ്റീവ് കീമോതെറാപ്പി കേന്ദ്രം പ്രവർത്തിക്കുന്നത് നല്ലൂർനാട് ട്രൈബൽ ആശുപത്രിയാണ്. ഇവിടുത്തെ കീമോതെറാപ്പി (ക്യൂറേറ്റീവ് & പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് ഈ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ